കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തഴവ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-8/1709/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –19/01/2019

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തഴവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തഴവ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം തഴവ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

*j.m.a-23.1.19*

നം.കെ.എസ്.എ.കെ.എൽ.എം.പി-8/1709/2018 തീയതി:19/01/2019

## കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-09-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട്

തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.പി.മാത്യു റോയി, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.09.2018മുതൽ 22.09.2018വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അജി.കെ.എസ് | ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്) |
| | ശ്രീമതി.ബിജി വർഗ്ഗീസ് | |
| | ശ്രീമതി. സോണിയ. ജെ.സെബാസ്റ്റ്യൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സുനിത സെബാസ്റ്റ്യൻ | ഓഡിറ്റർ |
| | ശ്രീമതി.താര.റ്റി | |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശ്രീലത എസ്സ്. | 1.04.17 മുതൽ 31.03.18 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| സെക്രട്ടറി | ശ്രീ.എസ്സ്. പ്രദീപ് | 01.04.17 മുതൽ 5.06.17 വരെ |

| | | |
|---|---|---|
| | ശ്രീ.ഷാനവാസ്. എ | 6.06.17 മുതൽ 31.03.18 വരെ |
| അസി.സെക്രട്ടറി | ശ്രീ.ബി.സുരേഷ് കുമാർ | 01.04.17 മുതൽ 15.06.17 വരെ |
| | ശ്രീമതി.രേഖ .ബി | 16.06.17 മുതൽ 16.11.17 വരെ |
| | ശ്രീ. ജോൺ ഗോട്ടിക് ഗ്രീക്ക് | 17.11.17 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.റോസാലിൻറ് | 01.04.17 മുതൽ 31.03.18 വരെ |
| വെറ്റിനറി സർജൻ | ഡോ.സുജാ റ്റി.നായർ | 01.04.17മുതൽ 18.06.17 വരെ |
| | ഡോ.അനിൽ കുമാർ | 19.06.17 മുതൽ 18.10.17 വരെ |
| | ഡോ.മോഹനൻ | 19 .10.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.എ ബീന | 1.04.17മുതൽ 31.03.18 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.രാഗേഷ് കുമാർ (എ സർക്കിൾ) | 01.04.17മുതൽ 28.07.18 വരെ |

| | | |
|---|---|---|
| | ശ്രീ.ദിനേശ് .എം.ജി. | 29.07.18 മുതൽ 31.03.18 വരെ |
| | ശ്രീമതി.ജിനു എസ്സ് (ബി സർക്കിൾ) | 01.04.17മുതൽ 20.07.18 വരെ |
| | ശ്രീ.ഗിരീഷ് കുമാർ (ബി സർക്കിൾ) | 21.07.18 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. ഷെഹന .എസ്. | 01.04.17മുതൽ 30.04.17 വരെ |
| | ഡോ. ജോതിലക്ഷ്മി | 1.05.17മുതൽ 2.10.17 വരെ |
| | ഡോ. ഷെഹന .എസ്. | 2.10.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കെ.മിനി | 01.04.17 മുതൽ 27.08.18 വരെ |
| | ശ്രീമതി.ശുഭ | 28.08.18 മുതൽ 31.03.18 വരെ വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.വി.വി.ശോഭനകുമാരി | 01.04.17 മുതൽ 31.03.18 വരെ വരെ |
| അസി.എഞ്ചിനീയർ | ശ്രീ.രഞ്ജിത് കൃഷ്ണൻ | 01.04.17 |

| | | |
|---|---|---|
| | | മുതൽ 2.10.17 വരെ |
| | ശ്രീമതി. ജെസീന എം. | 3.10.17 മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജയശ്രീ കെ. | 01.04.17മുതൽ 28.06.17 വരെ |
| | കൃഷ്ണ കുമാർ .റ്റി.ജെ. | 28.06.17 മുതൽ 31.03.18 വരെ |

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |

| | | |
|---|---|---|
| 13 | ലേലം നടന്നിട്ടില്ല. | 2-1 |
| 14 | കെട്ടിട നികുതി അസ്സസ്മെന്റിൽ പിഴവ് | 2-2 |
| 15 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-3 |
| | ഭാഗം 3 | |
| 16 | സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-1 |
| 17 | പേ റിവിഷൻ അരിയർ | 3-2 |
| 18 | വൗച്ചർ പരിശോധന | 3-3 |
| 19 | ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല – 15, 40,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-4 |
| 20 | ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ അംഗനവാടികൾ പ്രവർത്തിക്കുന്നു | 3-5 |
| 21 | കന്നുകുട്ടി പരിപാലനം – രേഖകൾ ഹാജരാക്കിയില്ല. | 3-6 |
| 22 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകല്യം – 18,450/-രൂപ തടസ്സപ്പെടുത്തുന്നു. | 3-7 |
| 23 | അമ്പിയിൽ കോളനി കുടിവെള്ള പദ്ധതി -പൂർത്തീകരണ രേഖകളില്ല – 6,45,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| 24 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ധനസഹായം – ബാങ്ക് വായ്പയുടെ രേഖകളില്ല – 4,50,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-9 |
| 25 | ലാപ്പ്ടോപ്പ് വിതരണം – വിദ്യാഭ്യാസ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല – 53,714/-രൂപ | 3-10 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 26 | കൊയ്ത്തു മെതി യന്ത്രം ഉപയോഗശൂന്യമായ അവസ്ഥയിൽ | 3-11 |
| 27 | കേടു വന്ന തെങ്ങുകൾ മുറിച്ച് മാറ്റി തെങ്ങിൻ തൈ നടീൽ -12.5%സബ്സിഡി അധികം നൽകി | 3-12 |
| 28 | സമയ പരിധിക്കുള്ളിൽ മരാമത്ത് പ്രവർത്തികൾ -പൂർത്തീകരിച്ചില്ല | 3-13 |
| 29 | എള്ള് കൃഷി -വിതരണ രജിസ്റ്റർ പൂർണ്ണമല്ല | 3-14 |
| 30 | ജില്ലാ പഞ്ചായത്തിന് നൽകിയ വിഹിതം – ലഭ്യമാക്കിയിട്ടില്ല – 30,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-15 |
| 31 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – 4,78,329/-രൂപ തടസ്സപ്പെടുത്തുന്നു. | 3-16 |
| 32 | ചെലവ് തുകയെക്കാൾ കൂടുതൽ സബ്സിഡി നൽകി -1,204/-രൂപ നിരാകരിക്കുന്നു. | 3-17 |
| 33 | വിവാഹധനസഹായം കൈപ്പറ്റിയവർ രേഖകൾ ഹാജരാക്കിയില്ല – 3,00,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-18 |
| 34 | രേഖകൾ ഇല്ല.പത്താംതരം, പന്ത്രണ്ടാം തരം ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-19 |
| 35 | വിശദമായ വിനിയോഗരേഖകൾ ഇല്ല.8,00,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-20 |
| 36 | ക്വട്ടേഷൻ ക്ഷണിക്കാതെ തുക ചെലവഴിക്കുന്നു. | 3-21 |
| 37 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 3-22 |

| | | |
|---|---|---|
| 38 | അങ്കണവാടികൾക്ക് അതിർത്തി നിശ്ചയിച്ചിട്ടില്ല | 3-23 |
| 39 | റോഡ് പുനരുദ്ധാരണം റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കാതെ ചെലവ് നടത്തി | 3-24 |
| | ഭാഗം 4 | |
| 40 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 41 | നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 43 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 44 | സ്ഥിരനിക്ഷേപം | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 47 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 50 | അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |
| 51. | അനുബന്ധം -2 | 2 |



# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 27/03/2017 തീയതിയിലെ 1 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27/3/2018 തീയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 14/05/2017 | ----- | 22/05/2018 |

## 1-3.. വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18/06/2018 - 19/06/2018 | പി8/1282/18,തീയതി 09/07/2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,22,13,529 |
| വരവ് | 7,97,81,422 |
| ആകെ | 10,19,94,951 |
| ചെലവ് | 7,52,34,495 |
| നീക്കിയിരിപ്പ് | 2,67,60,456 |

## 1-5.. ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 24036000 | 24036000 | 22305958 | 1730042 |

| | | | | | |
|---|---|---|---|---|---|
| ജനറൽ(ACR പ്രകാരം) | | | | | |
| വികസന ഫണ്ട് എസ്.സി.പി(ACR പ്രകാരം) | 0 | 7391483 | 7391483 | 7203839 | 187644 |
| വികസന ഫണ്ട് റ്റി.എസ്.പി(ACR പ്രകാരം) | 0 | 36243 | 36243 | 0 | 36243 |
| സംരക്ഷണ ഗ്രാൻറ് റോഡ്(ACR പ്രകാരം) | 0 | 8733000 | 8733000 | 6841069 | 1891931 |
| സംരക്ഷണ ഗ്രാൻറ് നോൺറോഡ്(ACR പ്രകാരം) | 0 | 5696000 | 5696000 | 3006083 | 2689917 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാൻറ് (ACR പ്രകാരം) | 0 | 11288343 | 11288343 | 8604285 | 2684058 |
| കെ.എൽ.ജി. എസ്.ഡിപി സെൻട്രൽ (ACR പ്രകാരം) | 0 | 168223 | 168223 | 168223 | |
| കെ.എൽ.ജി. എസ്.ഡിപി സ്റ്റേറ്റ് (ACR പ്രകാരം) | 0 | 261350 | 261350 | 261350 | |
| എം.ജി.എൻ .ആർ.ജി.എസ്സ് തൊഴിലാളികളുടെ കൂലി | | 27417265 | 27417265 | 27417265 | |
| എം.ജി.എൻ. ആർ.ജി.എസ്സ് അഡ്മിൻ ചെലവ് | 7342 | 878938 | 886280 | 877533 | 8747 |
| ദുരിതാശ്വാസ നിധി | 16057 | 1619 | 17676 | ---- | 17676 |
| സംസ്ഥാനവിഷ്കൃത ഫണ്ടുകൾ | | | | | |
| തൊഴിൽരഹിത വേതന വിതരണം | | 131280 | 131280 | 131280 | 0 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | | 390000 | 390000 | 390000 | 0 |
| കേരളോത്സവം ഗ്രാൻറ് | | 20000 | 20000 | 20000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | 0 | | | 0 | |

| | | | | | |
|---|---|---|---|---|---|
| ടോട്ടൽ സാനിട്ടേഷൻ | | 646720 | 646720 | | 646720 |
| എസ്.എസ്.എ | 88576 | 0 | 88576 | 0 | 88576 |
| ഐ.സി.ഡി.എസ് | 3144109 | 1658151 | 4802260 | 1320669 | 3481591 |
| മറ്റ് ഉദ്ദേശ ഫണ്ടുകൾ | 128218 | | | | 128218 |
| സംയുക്ത പ്രോജക്ടുകൾ | | | | | |
| ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | | 2080000 | 2080000 | 2048350 | 31650 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | | 1979000 | 1979000 | 1974510 | 4490 |
| തനത് ഫണ്ട്- ബാങ്ക് അക്കൗണ്ട് | 3809480 | 7806634 | 11616114 | 7837352 | 3778762 |
| ട്രഷറി അക്കൗണ്ട് | 18248700 | 14043944 | 3229264 | 9429790 | 22862854 |
| ആകെ തനത് ഫണ്ട് | 22058180 | 21850578 | 43908758 | 17267142 | 26641616 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 11,34,42,174 | 110 | 5,56,56,390 | 52 | 10 | 63.95 |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7,342 | 8,78,938 | 8,86,280 | 8,77,533 | 8,747 |
| ഗുണഭോക്താകൾക്ക് | | 2,82,96,203 | 2,82,96,203 | 2,82,96,203 | |

| നേരിട്ട് നൽകുന്നത് | | | | | |
|---|---|---|---|---|---|

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,31,280 | 275 |
| കർഷകതൊഴിലാളി പെൻഷൻ | 1,02,79,400 | 910 |
| വിധവാപെൻഷൻ | 1,83,08,500 | 1,718 |
| വാർദ്ധക്യ കാലപെൻഷൻ | 2,46,32,900 | 2,558 |
| വികലാംഗപെൻഷൻ | 65,28,400 | 619 |
| വിവാഹധനസഹായം | 3,90,000 | 13 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-9-2018 3.00 pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,849 /-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ലഭിക്കുന്ന അപേക്ഷകൾക്ക് രസീതുകൾ നൽകുകയും സമയബന്ധിതമായി തീർപ്പു കൽപ്പിക്കുകയും ചെയ്യുന്നു. രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് കുറ്റമറ്റ രീതിയിലാണ്. വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ

രേഖപ്പെടുത്തിയ ജോലിവിഭജന രേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലി വിഭജനപ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. സോഫ്റ്റ്‌വെയറിലൂടെ പ്രവർത്തിക്കുന്ന അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ പഞ്ചായത്തിലെ എല്ലാ വരവുകളും രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിപാലിക്കുന്നുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ധനഇടപാടുകൾ സുതാര്യവും കുറ്റമറ്റതാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഭേദപ്പെട്ട ഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/07/18 | 06/18 | ------- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15-4-2016 മുതൽ 29-4-2016 വരെ | 2011-12 മുതൽ 2015-16 വരെ | 01/06/2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ

പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.ബാലൻസ് ഷീറ്റ് (B-9)schedule other liabilities head employees Liabilities – Pension Contribution Payable എന്ന ഹെഡിലെ തുക 68,760/-രൂപയാണ്. എന്നാൽ ലഡ്ജർ പ്രകാരം തുക 63,339/-രൂപയാണ്. തുക പൊരുത്തപ്പെടുത്തിയിട്ടില്ല.

2.ബാലൻസ് ഷീറ്റ് (B-18 schedule) ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നിലനിന്നിരുന്ന 14,000/-രൂപയിൽ 9,000/-രൂപ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. 2015-16 മുതൽ ടി തുകയിൽ ഉൾപ്പെടുന്ന 5,000/-രൂപ (മുന്നിരിപ്പ്) നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

3.2017-18 സാമ്പത്തിക വർഷം ഫിക്സഡ് അസറ്റിന്റെ നിർമ്മാണത്തിനായി തനതുഫണ്ട് തുകകൾ ചെലവഴിച്ച പ്ലാൻ, സ്ഥിര ആസ്തികളുടെ മൂല്യവുമായി പൊരുത്തപ്പെടുന്നില്ല. സൃഷ്ടിക്കപ്പെട്ട (ആസ്തി മൂല്യം 85,56,955/-രൂപ പ്ലാൻ തുക ചെലവ് - 71,56,836/-രൂപ)

4.31.3.2018-ൽ (ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ട്)ലേയ്ക്ക് ഇഷ്യൂ ചെയ്ത താഴെപ്പറയുന്ന ചെക്കുകൾ അൺക്യാഷ്ഡ് ആയി നിലനിൽക്കുന്നു.

| Voucher No./Date | Cheque No./Date | Amount |
|---|---|---|
| 1-21701169/31.3.18 | 035321/31.3.18 | 3408/- |
| 2-21701185/31.3.18 | 05328/31.3.18 | 1130/- |
| 3-21701190/31.3.18 | 035333/31.3.18 | 9941/- |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ലേലം നടന്നിട്ടില്ല

പഞ്ചായത്തിലെ അഴകിയകാവ് എൽ.പി.എസ്സിൽ കടപുഴകിവീണ ഗുൽമോഹർ മരം 12/1/2018 ൽ ലേലം ചെയ്തു കൊടുക്കാനായി പരസ്യം (നം. 5/7372/17, 6/7/18) നൽകിയിട്ടുണ്ട്.എന്നാൽ ലേല രജിസ്റ്ററിൽ പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷം നടന്ന ലേലത്തിൽ ടിയിനം ഉൾപ്പെട്ടിട്ടില്ല. മണപ്പള്ളി ഗവ.എൽ.പി.എസ്സിൽ പിഴുത് വീണ്

കിടന്ന വലിയ വാകമരവും,ഉണങ്ങിയ രണ്ട് പ്ലാവും,രണ്ട് അക്കേഷ്യാ മരത്തിൻെറ ശാഖകളും മുറിച്ച് മാറ്റിയ ചെലവിനത്തിൽ വൗച്ചർ നം.21700115,1/6/17 പ്രകാരം 8,000/-രൂപ പിൻവലിച്ച് ശ്രീ.സുരേന്ദ്രൻ ,തട്ടാരയ്യം എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ലേലത്തിലും 14/2/18 ൽ നടന്ന പുനർലേലത്തിലും ആരും പങ്കെടുത്തിട്ടില്ലായെന്നും, 27/9/2018 ൽ നടത്താനിരിക്കുന്ന അടുത്ത ലേലത്തോടൊപ്പം നടത്തുന്നതിന് നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്നും വിശദീകരണം നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

എൻക്വയറി നം.6,18/9/2018

## 2-2 കെട്ടിട നികുതി അസ്സസ്സ്മെന്റിൽ പിഴവ്

2017-18 സാമ്പത്തിക വർഷം ആറാം വാർഡിൽ സിമന്റ് ബ്ളോക്ക് ആൻറ് ടൈൽ ബ്ലോക്ക് ഫാക്ടറിയുടെ കെട്ടിട നമ്പരിംഗിനായി ശ്രീ.ഫൽഗുണൻപിള്ള , മാഞ്ഞാലയിൽ , പാവുമ്പ വടക്ക് , പാവുമ്പ എന്ന വിലാസക്കാരൻ സമർപ്പിച്ച അപേക്ഷയിൻമേൽ (ഇൻവേർഡ് നം.5876,18/8/17) കെട്ടിട നികുതി അസ്സസ്സ് ചെയ്തത് ഈടാക്കിയതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

ഈടാക്കിയത്

തറവിസ്തീർണ്ണം - 76.25 ച.മീ.

അടിസ്ഥാന വസ്തു നികുതി നിരക്ക് - 15/- രൂപ

അടിസ്ഥാന വസ്തു നികുതി കണക്കാക്കിയത് - 1,143.75/- രൂപ

മേൽക്കൂര ഇളവ് - 114.38/- രൂപ

വാർഷിക വസ്തു നികുതി -1,030/- രൂപ

ലൈബ്രറി സെസ്സ് - 52/- രൂപ

ആകെ -1,082/- രൂപ

ഈടാക്കേണ്ടിയിരുന്നത്

തറവിസ്തീർണ്ണം - 76.25 ച.മീ.

അടിസ്ഥാന വസ്തു നികുതി നിരക്ക് - 50 /-രൂപ

അടിസ്ഥാന വസ്തു നികുതി - 3,813/-രൂപ

മേൽക്കൂര ഇളവ് -381/- രൂപ

വാർഷിക വസ്തു നികുതി -3,432/-രൂപ

ലൈബ്രറി സെസ്സ് -172/-രൂപ

ആകെ - 3,604 /-രൂപ

ഇതുമൂലം 2,522/-രൂപാ വരവു നഷ്ടം വന്നിരിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15,24/9/18)മറുപടി നൽകിയിട്ടില്ല. നഷ്ടം വരാൻ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

കെട്ടിടനികുതി നിർണ്ണയഫയലുകളിൽ സൂക്ഷിച്ചിരിക്കുന്ന വിവരശേഖരണ ഫോറം പൂർണ്ണമല്ല.

ഉദാ - വിവരശേഖരണ ഫോറത്തിൽ തറയുടെ തരം രേഖപ്പെടുത്തലുകൾ ഇല്ലാതെ, സപ്ലിമെന്ററി അസ്സസ്സ്മെൻറ് രജിസ്റ്ററിൽ തറയുടെ തരം ഗ്രാനൈറ്റ് എന്നും സഞ്ചയയിലെ ഫോം നം.6 ടൈൽസ് എന്ന് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.അപാകതകൾ ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. -15/24-9-2018

വരവു നഷ്ടം -2,522/-രൂപ

## 2-3 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ തൊഴിൽ നികുതി കുറച്ച് അടവാക്കിയതായി കാണുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വ്യക്തിയുടെ പേര്/ സ്ഥാപനം | അർദ്ധ വർഷം | അടയ്ക്കേണ്ട തൊഴിൽ നികുതി തുക | അർദ്ധ വാർഷിക ശമ്പളം | അടച്ച തൊഴിൽ നികുതി തുക | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | മുഹ്സിന.ആർ (എസ്സ.എൻ. എൽ.പി.എസ്സ്., പാവുമ്പ) | I & II | 1250 | 29469 x6 =1,76,814 | 1000 | 250 |
| 2 | അനിൽകുമാർ (ശ്രീ.നാരായണ പബ്ളിക്ക് സ്കൂൾ, പാവുമ്പ) | I | 450 | 8166 x6 =48,996 | 300 | 150 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.19,22/9/18)മറുപടി ലഭ്യമല്ല. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.-19/22.9.2018

വരവ് നഷ്ടം -400/-രൂപ

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും--പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

ബഹുവർഷപ്രോജക്ടായ സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും എന്ന പ്രോജക്ടിൽ പ്രതീക്ഷിക്കുന്ന നേട്ടം ഉപയോഗിക്കുന്ന വൈദ്യുതിക്കുമാത്രം തുക അടയ്ക്കുന്നതുമൂലം വൈദ്യതി ചാർജ് കുറയുന്നു എന്നതാണ്. എന്നാൽ 2015-16 വർഷത്തിൽ ടി പദ്ധതിക്കായി കെ.എസ്.ഇ.ബി-യുടെ വിവിധ സെക്ഷൻ ഓഫീസുകളിലായി 37,89,795/-രൂപയും 2016-17 സാമ്പത്തികവർഷം വിവിധ വാർഡുകളിൽ ലൈൻ വലിക്കുന്നതിനും മീറ്റർ സ്ഥാപിക്കുന്നതിനുമായി 40,91,370/- രൂപയും ഉൾപ്പെടെ ആകെ 78,81,165/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന് ലഭ്യമായ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റുകൾ പ്രകാരം ആകെ 53,14,200/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബാലൻസ് 25,66,965/-രൂപ ഇപ്പോഴും കെ.എസ്.ഇ.ബിയുടെ കൈവശം ചെലവഴിക്കാതെ അവശേഷിക്കുന്നു. ഇതു സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ 53,14,200/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെന്നും ബാക്കി വർക്ക്

മെറ്റീരിയിലിൻ അഭാവം മൂലം പൂർത്തികരിക്കാൻ കഴിഞ്ഞില്ല എന്ന് കെ എസ് സിബി അറിയിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ഇപ്പോഴും പഴയ രീതിയിൽ തന്നെയാണ് വൈദ്യുതചാർജ് ഈടാക്കുന്നത്. വലിയതുക മുൻകൂറായി നല്കിയിട്ടും പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തത് പഞ്ചായത്തിന് നഷ്ടം ഉണ്ടാക്കുന്ന ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ലക്ഷകണക്കിനു രൂപ വൈദ്യുത ബോർഡിൽ ഡെപ്പോസിറ്റായി ശേഷിക്കുന്നു. എന്നതിനാൽത ന്നെ ഈ വിഷയത്തിൽ അതിവേഗം നടപടി സ്വീകരിച്ച് ആദ്യമറുപടിയോടൊപ്പം തന്നെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 10/22-9-18

## 3-2 പേ റിവിഷൻ അരിയർ

2014-ലെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക തുകയുടെ ഒന്നാം ഗഡു പണമായി വാങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ പ്രസ്തുത തുക 31-10-2017 നു മുമ്പായി അവരവരുടെ പി.എഫ് അക്കൗണ്ടിൽ അടയ്ക്കണമെന്ന് സർക്കാർ ഉത്തരവ് (പി) 128/17 ധന തീയതി 6-10-17 പ്രകാരം നിർദ്ദേശിച്ചിരുന്നു.

തഴവ പഞ്ചായത്തിൽ ഒന്നും രണ്ടും കുടിശ്ശക തുകകൾ പണമായി നൽകുകയും എന്നാൽ ഉത്തരവുണ്ടായിട്ടും നാളിത് വരെ പി.എഫ് അക്കൗണ്ടിൽ ഒടുക്കാതിരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് (തസ്തിക) | തിരികെ അടയ്ക്കാനുള്ള തുക | തീയതി, വൗച്ചർ നമ്പർ/ (പിൻ വലിച്ചതുക) |
|---|---|---|---|
| 1 | സലിം (മുൻ അക്കൗണ്ടന്റ് ) | 17482 ( രണ്ടാം ഗഡു) | 21700016,10/4/17 (2,34,494) |
| 2 | ഉഷാകുമാരി (നഴ്സറി സ്കൂൾ ടീച്ചർ) | 6807 (രണ്ടാം ഗഡു) | 21700413,05/10/17 (21,748) |
| 3 | മനോജ് വി (അസി.സെക്രട്ടറി | 34871 (ഒന്നാം ഗഡു) | 21700016,10/4/17 (2,34,494) |
| 4 | വി.അനിൽകുമാർ (ക്ലാർക്ക്) | 26869 (ഒന്നാം ഗഡു) | 21700016,10/4/17 (2,34,494) |
| 5 | ബിജു വി (അക്കൗണ്ടന്റ് ) | 16763 (രണ്ടാം ഗഡു) | 21700016,10/4/17 (2,34,494) |
| 6 | ജമാലുദ്ദീൻകുഞ്ഞ് (പാർട്ട് ടൈം സ്റ്റാഫ്) | 9621 (ഒന്നാം ഗഡു) | 21700017,10/4/17 (26,667) |
| | | 7847 (രണ്ടാം ഗഡു) | 21700413, 5.10.17 (21,748) |
| 7 | സുപ്രഭ ജി. (പാർട്ട് ടൈം | 8699 (ഒന്നാം | 21700017,10/4/17 (26,667) |

| | | | |
|---|---|---|---|
| | സ്റ്റാഫ്) | ഗഡു), | |
| | | 7094 (രണ്ടാം ഗഡു) | 21700413, 5.10.17 (21,748) |

സർക്കാർ നിർദ്ദേശം പാലിക്കപ്പെടാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.16,22/9/18)മറുപടി ലഭ്യമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ആദ്യമറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 3-3 വൗച്ചർ പരിശോധന

2018 ജനുവരി 18,19 തീയതികളിൽ പഞ്ചായത്ത് ദിനാഘോഷം- 2018 ൽ പങ്കെടുക്കുന്നതിനായി പ്രസിഡൻറ് , സെക്രട്ടറി,ഡ്രൈവർ എന്നിവർക്ക് റൂം ബുക്ക് ചെയ്യുന്നതിനായി 10000/-രൂപ പഞ്ചായത്ത് ദിനാഘോഷപരിപാടിയുടെ ജനറൽ കൺവീനറുടെ 11020200010564-ാം നമ്പർ അക്കൗണ്ടിലേക്ക് വൗച്ചർ നം.21700685,20/1/18 പ്രകാരം മാറി നൽകിയിട്ടുണ്ട്. തനതുഫണ്ടിൽ നിന്നും പിൻവലിച്ച് ഈ തുക അഡ്ജസ്റ്റ് ചെയ്തതായോ ,താമസ സൗകര്യം ലഭിച്ചതിൻെറ വിവരമോ ലഭ്യമല്ല.ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.16,22/9/18) മറുപടി ലഭ്യമല്ല.രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-4 ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചില്ല,15,40,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്-അംഗപരിമിതർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ

പ്രോജക്ട് നം-141/18

അടങ്കൽ

വികസന ഫണ്ട് (പൊതുവിഭാഗം)-15,40,000/-രൂപ

ചെലവ്-15,40,000/-രൂപ

ബിൽനം/തീയതി-12/17-18;23.10.17

നിർവഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

കൊല്ലം ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തുകളുടെയും സംയുക്ത പ്രോജക്ട് ആയ അംഗപരിമിതർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ എന്ന പദ്ധതിയ്ക്കു വേണ്ടി ഗ്രാമ പഞ്ചായത്ത് വിഹിതമായി 1540000/-രൂപ 23.10.2017ൽ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് (SBI-36195058927) നൽകിയെങ്കിലും നാളിതു വരെ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/13.09.18) 2017-18 സാമ്പത്തിക വർഷം പദ്ധതി നടപ്പിലായിട്ടില്ലെന്നും തുക വിനിയോഗിക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റ് നൽകുമെന്നും ജില്ലാ പഞ്ചായത്തിൽ നിന്നും അറിയിച്ചതായി നിർവഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.സംയുക്ത പദ്ധതി നടപ്പിലാകാത്ത പക്ഷം അതേ സാമ്പത്തിക വർഷം തന്നെ വിഹിതം കൈമാറിയ സ്ഥാപനത്തിന് തുക തിരികെ നൽകണമെന്ന വ്യവസ്ഥ ജില്ലാ പഞ്ചായത്ത് പാലിച്ചിട്ടില്ല.പദ്ധതി നടപ്പിലാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയോ തുക തിരികെ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. അതുവരെ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>തടസ്സം -15,40,000/-രൂപ</u>

## 3-5 <u>ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അംഗനവാടികൾ പ്രവർത്തിക്കുന്നു.</u>

ഗ്രാമപഞ്ചായത്ത് പരിധിയിലെ 23 വാർഡുകളിലായി 41 അംഗനവാടികൾ പ്രവർത്തിക്കുന്നു.17 എണ്ണം സ്വന്തം കെട്ടിടത്തിലും 2 എണ്ണം ഗ്രാമപഞ്ചായത്തിന്റെ മറ്റു കെട്ടിടങ്ങളിലും 22 എണ്ണം വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. നിലവിൽ 56-നം അംഗനവാടിക്ക് വേണ്ടി കെട്ടിട നിർമ്മാണം നടക്കുന്നുണ്ട്. 2018-19സാമ്പത്തിക വർഷം 9 അംഗനവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാനും 90നം അംഗനവാടി അറ്റകുറ്റപ്പണി ചെയ്യാനും പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്.

2017-18ലും നടപ്പു വർഷവും അംഗനവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. ഈ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം2/13.09.2018) ഈ വിഷയം സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നുള്ള മറുപടിയാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയത്.

കെട്ടിടങ്ങളുടെ ക്ഷമത ഉറപ്പ് വരുത്താതെ അംഗനവാടികൾ പ്രവർത്തിക്കുന്നത് ഉദ്യോഗസ്ഥരുടെ അലംഭാവമാണ് വെളിപ്പെടുത്തുന്നത്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 കന്നുകുട്ടി പരിപാലനം രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് – കന്നുകുട്ടി പരിപാലനം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 100 ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്റിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതികൾക്കായി കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് വികസനഫണ്ടിൽ (പൊതുവിഭാഗം ) നിന്നും 12,50,000/-രൂപ നൽകിയിട്ടുണ്ട്.

നിർവ്വഹണോദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|
| 18/18 | 01/17-18/12.01.2018 | 12,50,000 |
| | ആകെ | 12,50,000/- |

ക്ഷീരകർഷകരായ 100 ഗുണഭോക്താക്കളുടെ ആറു മാസത്തിൽ താഴെ പ്രായമുള്ള കന്നുകുട്ടികളെ ഇൻഷൂർ ചെയ്ത് തീറ്റ ലഭ്യമാക്കാനാണ് തുക ഒടുക്കുവരുത്തിയിട്ടുള്ളത്. കുറ്റിപ്പുറം, കറുത്തേരി, മണപ്പള്ളി(തെക്ക്), കടത്തൂർ, പാവുമ്പ എന്നീ ക്ഷീരസംഘങ്ങളെ കാലിത്തീറ്റ വിതരണം ഏൽപ്പിച്ചു കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 19.10.17 ലെ 9 (3) നം തീരുമാനത്തിന്റെ വിശദാംശങ്ങൾ ഹാജരാക്കിയെങ്കിലും ഉരുക്കളെ പദ്ധതിയിൽ എൻറോൾ ചെയ്തതിന്റെ രേഖകൾ, ഫണ്ടിന്റെ നാളിതുവരെയുള്ള വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ നല്കിയ 12,50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. -12/22.9.2018

തടസ്സം -12,50,000/-രൂപ

## 3-7 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം -18,450/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്-8,9.10 ക്ലാസ്സുകളിലെ എസ്.സി കുട്ടികൾക്ക് സൈക്കിൾ

പ്രോജക്ട് നം-13/18

അടങ്കൽ

വികസന ഫണ്ട്(എസ്.സി.പി)-6,00,000/-

ചെലവ്-4,98,150/-

ബിൽ നം /തീയതി-405900, 14/16.03.18&92250,25/28.03.18

നിർവഹണം-അസിസ്റ്റന്റ് സെക്രട്ടറി

3,690/-രൂപ വിലവരുന്ന ഗുപ്താ ഡിവൈൻ ലേഡീസ് & ജെന്റ്സ് സൈക്കിളുകളാണ് ഈ പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുള്ളത്. സൈക്കിളുകൾ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേരുവിവരം | റിമാർക്ക്സ് |
|---|---|---|
| 1. | ഭദ്ര,<br>ചെറുതിട്ട<br>തെക്കതിൽ,<br>വാർഡ് XVIII | റേഷൻ കാർഡിലും (1210105910)ജാതി സർട്ടിഫിക്കറ്റിലും വിലാസം<br>ലക്ഷ്മി ഭവനം,പട.സൗത്ത്, കരുനാഗപ്പള്ളി എന്നു കാണുന്നു. |
| 2 | ഗൗതം.എ.ബി,<br>മണ്ണാറു തറയിൽ,<br>മണപ്പള്ളി തെക്ക്,<br>വാർഡ്II | ജാതി തെളിയിക്കുന്ന രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. |
| 3 | നജികേതസ്സ്.എ,<br>പുത്തൻ തറയിൽ,<br>തൊടിയൂർ നോർത്ത് | ജാതി സർട്ടിഫിക്കറ്റിലും, വരുമാന സർട്ടിഫിക്കറ്റിലും, റേഷൻ കാർഡിലും (1210042129),ആധാർ കാർഡിലും (501334167289) തൊടിയൂരിലെ വിലാസമാണ് നൽകിയിട്ടുള്ളത്. |
| 4 | അഭിജിത്ത്, | ജാതി ,വരുമാനം |

| | | |
|---|---|---|
| | കല്ലം പുറത്ത് വീട്, പുലിയൂർ വഞ്ചി കിഴക്ക്, തൊടിയൂർ | ഇവ തെളിയിക്കുന്ന രേഖകൾ ഇല്ല. |
| 5 | പാർവതി ഹർഷൻ, നിർമ്മാല്യം ,മണപ്പള്ളി | ജാതി ,വരുമാനം ഇവ തെളിയിക്കുന്ന രേഖകൾ ഇല്ല. |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം14/24.09.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അഞ്ചു പേർക്കും വിതരണം ചെയ്ത സൈക്കിളുകളുടെ വിലയായ 18,450(3,690x5)/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അനർഹരായ ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയതിന് വിശദീകരണം നൽകേണ്ടതാണ്. മതിയായ രേഖകൾ ഹാജരാക്കുകയോ അല്ലാത്തപക്ഷം തുക തിരികെയെടുക്കുകയോ ചെയ്യേണ്ടതാണ്.

<u>തടസ്സം -18,450/-രൂപ</u>

## **3-8** <u>അമ്പിയിൽ കോളനി കുടിവെള്ള പദ്ധതി-പൂർത്തീകരണ രേഖകളില്ല,**6,45,000/-** രൂപ തടസ്സപ്പെടുത്തുന്നു</u>

പ്രോജക്ട്-കുരിശ്ശുംമൂട് ഒറ്റതെങ്ങിൽ അമ്പിയിൽ കോളനി കുടിവെള്ള പദ്ധതി

പ്രോജക്ട് നം-11/18

അടങ്കൽ

വികസന ഫണ്ട്(എസ്.സി.പി)-6,45,640/-

ചെലവ്-6,45,000/-

ബിൽ നം/ തീയതി-01/17-18;11.08.17

നിർവഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

എസ്റ്റിമേറ്റ് നം /തീയതി-കൊല്ലം പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 02.08.2017 ലെ no-KWA-DB2-1875/17

കരാർ നം /തീയതി-9/21.08.2017

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് (നം67000644164)14.08.17ൽ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. കരാറിൽ പദ്ധതി പൂർത്തിയാക്കുന്ന തീയതി പരാമർശിക്കുന്നില്ല. കുടിവെള്ള പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് (14/24.09.18) മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കും വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

<u>തടസ്സം – 6,45,000/-രൂപ</u>

**3-9** <u>കുടുംബ ശ്രീ ഗ്രൂപ്പുകൾക്ക് ധന സഹായം-ബാങ്ക് വായ്പയുടെ രേഖകളില്ല **-4,50,000/-**രൂപ തടസ്സപ്പെടുത്തുന്നു</u>

പ്രോജക്ട്-കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയംതൊഴിൽ സൂക്ഷ്മ സംരംഭം

പ്രോജക്ട് നം-152/18

അടങ്കൽ

വികസന ഫണ്ട്(എസ്.സി.പി)-4,50,000/-

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ-1,50,000/-

ആകെ-6,00,000/-

ചെലവ്-4,50,000/-

ബിൽ നം/തീയതി-20.03.2018(1,50,000/-)

26.03.2018 (1,50,000/-)

28.03.2018(1,50,000/-)

നിർവഹണം-അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആറ് അംഗങ്ങൾ വീതമടങ്ങുന്ന മൂന്ന് ഗ്രൂപ്പുകൾക്ക് ഒന്നര ലക്ഷം രൂപാ വീതം സബ്സിഡി അനുവദിക്കാനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്.ബാങ്ക് വായ്പയായി അൻപതിനായിരം രൂപ കുടുംബശ്രീ ഗ്രൂപ്പുകൾ സംഘടിപ്പിക്കണം. ഭാവന,

ദേശസേവിനി, മഹാത്മാ എന്നീ ഗ്രൂപ്പുകൾ തഴപ്പായ നിർമ്മാണ യൂണിറ്റിന്റെ പ്രോജക്ട് റിപ്പോർട്ടും, സി.ഡി.എസ്സിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകളും , മുദ്രപ്പത്രത്തിൽ കരാറും ഹാജരാക്കിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)കുടുംബശ്രീ യൂണിറ്റുകളുടെ ഗ്രേഡിംഗ് സംബന്ധിച്ച രേഖകളില്ല

2)അംഗങ്ങളുടെ ജാതി,വരുമാനം എന്നിവ തെളിയിക്കുന്ന രേഖകളില്ല

3)കാനറാ ബാങ്ക്, ഇന്ത്യൻ ബാങ്ക് എന്നിവയുടെ തഴവ ശാഖകളിൽ നിന്നുള്ള പ്രൊവിഷണൽ ലോൺ സാങ്ഷൻ അറിയിപ്പുകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

4)ഗ്രൂപ്പുകളുടെ മൂലധനം കഴിച്ച് 47500/-രൂപയാണ് ബാങ്കുകൾ ലോൺ ആയി അനുവദിച്ചിട്ടുള്ളത്.

5)കാനറാ ബാങ്ക് മാനേജരുടെ അക്കൗണ്ടിലേയ്ക്ക് (3456296000001) 26.03.2018ൽ 150000/-രൂപ കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന രണ്ടു ഗ്രൂപ്പുകൾക്ക് സബ്സിഡി കൈമാറിയതിന്റെ രേഖകളില്ല.

6)ഗ്രൂപ്പുകളുടെ ലോൺ അക്കൗണ്ട് പാസ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7)ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 4,50,000/-രൂപ തടസ്സപ്പെടുത്തുന്നു. ബാക്ക് എൻഡ് സബ്സിഡി നൽകാൻ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി ബാങ്കുകൾ ഫ്രണ്ട്എൻഡ് സബ്സിഡി സ്കീമാക്കി മാറ്റിയതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

തടസ്സം -4,50,000/-രൂപ

ഓഡിറ്റ് എൻക്വയറി നം. -14/24.09.18

## 3-10 ലാപ് ടോപ്പ് വിതരണം-വിദ്യാഭ്യാസ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല,53,714/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്-എഞ്ചിനീയറിംഗ്, മെഡിക്കൽ , കമ്പ്യൂട്ടർ സയൻസ്, പോളിടെക്നിക്ക് പഠിക്കുന്ന ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

പ്രോജക്ട് നം-12/18

അടങ്കൽ

വികസന ഫണ്ട്(എസ്.സി.പി)-6,45,600/-രൂപ

ചെലവ്-6,44,563/-രൂപ

ബിൽനം /തീയതി-19/17-18;23.03.2018

നിർവഹണം-അസിസ്റ്റന്റ് സെക്രട്ടറി

വാർഷിക പദ്ധതി സംബന്ധിച്ച 13-ാംപദ്ധതി മാർഗ്ഗരേഖയിൽ (ജി.ഒ(എം.എസ്)നം80/2017 ത.സ്വ.ഭ.വ 03.04.2017) പട്ടികജാതി -പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം (ഖ.11.8.6)എന്ന ഭാഗത്ത് പാരലൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ലാപ് ടോപ്പ് വിതരണ പദ്ധതിയിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഈ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേരു വിവരം | റിമാർക്ക്സ് |
|---|---|---|
| 1 | ആർച്ചാ മുരളി, ചൂതുളിയിൽ, പാവുമ്പ | കരുനാഗപ്പള്ളി പുതിയ കാവിലെ സി.എം.എസ് കോളേജിൽ ബി.കോമിനു പഠിക്കുന്നു. പ്രൈവറ്റ് രജിസ്ട്രേഷന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല |

| | | |
|---|---|---|
| 2 | ശ്രീലക്ഷ്മി.യു, ശ്രീലക്ഷ്മി വിലാസം, തഴവ | S.S.L.C വിദ്യാഭ്യാസ യോഗ്യതയുള്ള ശ്രീലക്ഷ്മി C-Dit-ന്റെ D.C.A കോഴ്സാണ് പഠിക്കുന്നത്. |

മേൽ ഗുണഭോക്താക്കളുടെ രജിസ്ട്രേഷന്റെ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് (നം14/24.09.19) മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്ട്രേഷന്റെ രേഖകൾ ഹാജരാക്കുന്നതു വരെ ഇരുവർക്കും നൽകിയ ലാപ്ടോപ്പുകളുടെ വിലയായ 53,714/-(26,857x2)/-രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സം -53,714/-രൂപ

## 3-11 കൊയ്ത്ത് മെതി യന്ത്രം ഉപയോഗശൂന്യമായ അവസ്ഥയിൽ

തഴവ ഗ്രാമപഞ്ചായത്തിൻെറ കോമ്പൗണ്ടിൽ നിന്നും കൊയ്ത്ത് മെതിയന്ത്രം എടുത്ത് മാറ്റുന്നതിന് ക്രെയിൻ ഉപയോഗിച്ചതിൻെറ ചെലവായി 3,500/-വൗച്ചർ നം.21700775, 26/2/18 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. കൊയ്ത്ത്മെതി യന്ത്രത്തിൻെറ നിലവിലുള്ള അവസ്ഥയും നിലവിൽ സൂക്ഷിച്ചിരിക്കുന്നതും സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.17,24/9/18).

കൊല്ലം ജില്ലാ പഞ്ചായത്ത് വഴി അനുവദിച്ച യന്ത്രം പൂർണ്ണമായും ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ലേലം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. വില നിശ്ചയിച്ച് കിട്ടുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ സബ്ഡിവിഷനിൽ കത്ത് നൽകിയിട്ടുണ്ട്. ഇതു വരെ മറുപടി ലഭിച്ചിട്ടില്ല. കൊയ്ത്ത്മെതി യന്ത്രത്തിൻെറ കസ്റ്റോഡിയൻ സെക്രട്ടറിയാണ്. നിലസിൽ യന്ത്രം സൂക്ഷിച്ചിരിക്കുന്ന സ്ഥലം പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും അറിയാവുന്നതാണ് എന്ന് കൃഷി ഓഫീസർ മറുപടി നൽകി. തുടർന്ന് വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് പഞ്ചായത്ത് സെക്രട്ടറിക്ക് എൻക്വയറിക്ക് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. യന്ത്രം നിലവിൽ സൂക്ഷിക്കുന്ന സ്ഥലം, ലേലനടപടികളുടെ പുരോഗതി എന്നിവ അടിയന്തിരമായി അറിയിക്കേണ്ടതാണ്. തുടർന്ന് മറുപടി ലഭിച്ചില്ല.

എൻക്വയറി നം – 18 -24/9/18

**3-12** കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടീൽ - സബ്സിഡി **12.5%**അധികം നൽകി

പ്രോജക്ട് നം. 17/17-18

പ്രോജക്ടിൻെറ പേര് – കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടീൽ

അടങ്കൽ തുക-7,25,000/-രൂപ(വികസന ഫണ്ട്-69,0000/-രൂപ, മറ്റുള്ളവ-35,000/-രൂപ)

ചെലവ്തുക-7,25,000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥ – കൃഷി ഓഫീസർ

സ.ഉ(എം.എസ്)80/17, തീയതി-3.4.2017 ഖ 8.1(11) പ്രകാരം കേട്ട വന്ന തെങ്ങുകൾ മുറിച്ചു മാറ്റി പുതിയ തൈകൾ വയ്ക്കൽ എന്ന ഇനത്തിന് കൃഷി വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കുകളും നിബന്ധനകളും പാലിക്കണമെന്നാണ്. കൃഷി വകുപ്പിലെ 14/6/17 ലെ TB (1)23825/17 സർക്കുലർ പ്രകാരം മുറിച്ച് മാറ്റിയതിന് പകരം നൽകുന്ന തെങ്ങിൻ തൈയ്ക്ക് വിലയുടെ 50% സബ്സിഡി പരമാവധി 60/-രൂപയിൽ കവിയാതെ നൽകാമെന്ന് വ്യക്തമാക്കുന്നുണ്ട്.

മേൽ പദ്ധതി പ്രകാരം മോഡൽ ഹോർട്ടി കൾച്ചർ ഫാം കണ്ണറ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നം.156/MHF/2017-18,14/2/18 പ്രകാരം ഒരു തെങ്ങിൻ തൈയ്ക്ക് 75/-രൂപ എന്ന നിരക്കിൽ 1,250 എണ്ണത്തിന് 93,750/-രൂപ വികസന ഫണ്ടിൽ നിന്നും (ബിൽ നം.32/17-18) ഒടുക്ക് വരുത്തിയിട്ടുണ്ട്. ഒരു തെങ്ങിൻ തൈയ്ക്ക് 28/- രൂപ എന്ന നിരക്കിൽ ഗുണഭോക്താക്കളിൽ നിന്നും 35,000/- രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചിട്ടുണ്ട്. വിലയുടെ 50% ആയ 37.5/-രൂപ സബ്സിഡി നൽകുന്നതിന് പകരം 62.66% ആയ 47/-രൂപയാണ് ഒരു തെങ്ങിൻ തൈയ്ക്ക് സബ്സിഡി നൽകിയിരിക്കുന്നത്. സബ്സിഡി 12.5%അധികം നൽകിയതിൻെറ കാരണം വ്യക്തമാക്കാൻ നൽകിയ എൻക്വയറിക്ക് 2018-19 കാലയളവിലെ സബ്സിഡി ഉത്തരവ് അടിസ്ഥാനമാക്കിയുള്ള മറുപടി ലഭ്യമാക്കിയത് അംഗീകരിക്കുന്നില്ല. സബ്സിഡിയിനത്തിൽ

അധികമായി നൽകിയ 11,718/-രൂപ (12.5% x 75 x 1250 ) നിരാകരിക്കുന്നു.

നിരാകരിച്ച 11,718/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

മേൽ പദ്ധതി തയ്യാറാക്കുമ്പോൾ രോഗം ബാധിച്ച തെങ്ങുകളുടെ എണ്ണം സംബന്ധിച്ച് കൃഷി അസിസ്റ്റൻറുമാർ തയ്യാറാക്കുന്ന ഫീൽഡ് സർവ്വേ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ് അടങ്കൽ തുക നിർണ്ണയിക്കേണ്ടത്. എന്നാൽ ഫീൽഡ് സർവ്വേ റിപ്പോർട്ട് തയ്യാറാക്കാതെയാണ് ടി പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. ടി പദ്ധതിയ്ക്കായി 344 ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളിൽ കൃഷി അസിസ്റ്റൻറുമാർ പരിശോധന നടത്തിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തെങ്ങിൻ തൈകൾ സ്റ്റോക്കിലെടുത്തതിൻെറ രേഖപ്പെടുത്തലുകൾ കൃത്യമല്ല. ഗുണഭോക്താക്കൾക്ക് തെങ്ങിൻ തൈകൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് സമർപ്പിച്ച രേഖകൾ ആധികാരികമല്ല. വികസന കാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ വർക്കിംഗ് ഗ്രൂപ്പിൻെറ 29/4/17ലെ യോഗത്തിൽ ആകെ രണ്ട് നിർദ്ദേശങ്ങളിൽ, ഒന്ന് ടി പദ്ധതി ആയിരുന്നുവെങ്കിലും, ഇതിൻെറ തുടർചർച്ചകളോ മോണിറ്ററിംഗോ ഒന്നും തന്നെ നടന്നിട്ടില്ല. ടി വർക്കിംഗ് ഗ്രൂപ്പിൻെറ പ്രവർത്തനം കാര്യക്ഷമമല്ല എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

<u>നിരാകരിച്ച തുക **– 11,718/-**രൂപ</u>
<u>എൻക്വയറി നം**. -7A, 19/9/2018**</u>

## 3-13 <u>സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തികൾ പൂർത്തികരിച്ചിട്ടില്ല</u>

ജി.ഒ.(പി)13/12/pwd, തീയതി 1-2-12 പ്രകാരമുള്ള പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ, അത് നിർമ്മാണ ഘട്ടത്തിലെ നിർമ്മാണ പ്രശ്നങ്ങൾ മൂലം നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കേണ്ട കാലാവധി ദീർഘിപ്പിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുൻപ് തന്നെ അപേക്ഷിക്കേണ്ടതും ഒറിജിനൽ സമയത്തിന്റെ 25% ദീർഘീകരണം (ഫൈൻ ഇല്ലാതെ) നല്കാവുന്നതുമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം

ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി മാത്രമേ ദീർഘിപ്പിക്കാൻ പാടുള്ളൂ.

തൻ വർഷം നടപ്പിലാക്കിയ താഴെ പറയുന്ന മരമാത്ത് പ്രവൃത്തികൾ സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ഇതിൽ ചില പ്രവൃത്തികളുടെ കോൺട്രാക്ടർമാർ അപേക്ഷ നല്കിയിട്ടുണ്ട്. എന്നാൽ ഇതിൻമേൽ അസിസ്റ്റന്റ് എഞ്ചിനീയർ തുടർ നടപടികൾ സ്വീകരിച്ചതിൻെയോ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നല്കിയതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. നിയമാനുസൃതമായിട്ടുള്ള പിഴയും ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ കമ്മറ്റി തീരുമാനം ലഭിച്ചതായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ 6-2-18-ലെ 1(1) തീരുമാനത്തിൽ ടി പ്രവർത്തികൾക്ക് പിഴ ഒഴിവാക്കുന്നതിനു മാത്രമാണ് തീരുമാനിച്ചിട്ടുള്ളത്. സമയ പരിധി നീട്ടുന്നത് സംബന്ധിച്ച് സൂചിപ്പിച്ചിട്ടില്ല.

1)<u>അരീപ്പുറത്ത് - തണ്ടാന്റയ്യത്ത് റോഡ് 11nd മെറ്റലിംഗ് & ടാറിംഗ്</u>

പ്രോജ . നം - 43/18

എഗ്രീ. നം - 10/AE/16-17 തീയതി 25-1-17

കോൺട്രാക്ടർ - സജ്ഞയൻ

എം ബുക്ക് - 203/17-18

അംഗീകരിച്ച കരാർ തുക (PAC) - 6,81,675/-രൂപ

ബിൽ നം - തീയതി - 45/17-18 dt 24-3-18

സൈറ്റ് ഹാൻഡ് ഓവർ ചെയ്ത

തീയതി - ഫയലിൽ ലഭ്യമല്ല

പണി പൂർത്തീകരിച്ച തീയതി -- 14-3-18

പണി പൂർത്തീകരിക്കേണ്ട തീയതി- 24-5-17

മേൽ പ്രവൃത്തിയുടെ ഫയലിൽ കോൺട്രാക്ടറുടെ തീയതി വയ്ക്കാത്ത ഒരു അപേക്ഷ മാത്രമാണുള്ളത് .ഇതു പ്രകാരം സമയപരിധി നീട്ടി നല്കുകയോ നിയമപ്രകാരമുള്ള ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ലാത്തതാണ്.

ആയതിനാൽ താഴെ പറയുന്ന പിഴ ഈടാക്കേണ്ടതാണ്.

24-5-17 മുതൽ14-3-18വരെ 41.7ആഴ്ച്ചകൾ
42 x 682 = 28,644
2)ചിറ്റുമൂല -മൂലേത്ത് മുക്ക് റോഡ്

പ്രോജ നം - 39/18

എഗ്രി നം -30/ae/ 17 dt 8-2-17-

കരാറുകാരൻ - ഷാജഹാൻ

എം ബുക്ക് - 228/17-18

കരാർ തുക - 5,80,889/-രൂപ

സൈറ്റ് കൈമാറിയ തീയതി - 13-2-17

പണി പൂർത്തീകരിച്ച തീയതി -- 23-3-18

പണി പൂർത്തീകരിക്കേണ്ട തീയതി- 12-6-17

പണി പൂർത്തീകരിക്കേണ്ട തീയതിക്കുള്ളിൽ കരാറുകാരൻ അപേക്ഷ നല്കിയിട്ടില്ല. ആയതിനാൽ നിയമപ്രകാരമുള്ള ദീർഘീകരണം അനുവദനീയമല്ല. മേൽ സാഹചര്യത്തിൽ പുതുക്കിയ പി ഡബ്ല്യു. ഡി മാന്വൽ 2116.1 പ്രകാരം പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ച്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്.

ഇതുപ്രകാരം 13-6-17 മുതൽ 23-3-18 വരെയുള്ള കാലയളവിലേക്ക് താഴെ പറയും പ്രകാരമുള്ള തുക ലിക്വിഡേറ്റഡ് ഡാമേജായി കോൺട്രാക്ടറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

13-6-17 മുതൽ 23-3-18 വരെ 40 ആഴ്ച്ചകൾ- 40x 5,80,889 x 0.1% = 40 x 581 =23,240/-രൂപ

3) വള്ളികുന്നം - ഗുരുമന്ദിരം റോഡ്

പ്രോജ നം - 34/18

എഗ്രി നം 44/ae/ 17 dt 17-2-17-

കരാറുകാരൻ - ബൈജു

എം ബുക്ക് - 226/17-18

കരാർ തുക - 2,74,607/-രൂപ

സൈറ്റ് കൈമാറിയ തീയതി - 17-2-17

പണി പൂർത്തീകരിച്ച തീയതി -- 27-1-18

പണി പൂർത്തീകരിക്കേണ്ട തീയതി- 16-6-17

പണി പൂർത്തീകരിക്കേണ്ട തീയതിക്കുള്ളിൽ കരാറുകാരൻ അപേക്ഷ നല്കിയിട്ടില്ല. ആയതിനാൽ നിയമപ്രകാരമുള്ള ദീർഘീകരണം അനുവദനീയമല്ല. മേൽ സാഹചര്യത്തിൽ പുതുക്കിയ പി ഡബ്ല്യു. ഡി മാന്വൽ 2116.1 പ്രകാരം പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ച്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്.

ഇതുപ്രകാരം 16-6-17 മുതൽ 27-1-18 വരെയുള്ള കാലയളവിലേക്ക് താഴെ പറയും പ്രകാരമുള്ള തുക ലിക്വിഡേറ്റഡ് ഡാമേജായി കോൺട്രാക്ടറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.
16-6-17 മുതൽ 27-1-18 വരെ 30 ആഴ്ചകൾ = 30x 0.1% of 2,74,607=30x 275=8,250/-രൂപ

മുകളിൽ വിശദീകരിച്ചിട്ടുള്ള മൂന്ന് പ്രവൃത്തികളിൽ നിന്നായി 60,067/-രൂപ പിഴയിനത്തിൽ ഈടാക്കേണ്ടതാണ്.

## 3-14.. എള്ള് കൃഷി വിതരണരജിസ്റ്റർ പൂർണമല്ല

പ്രോജക്ട് നം. S0014/18

പ്രോജക്ടിൻെറ പേര് - സമഗ്ര നെൽകൃഷി വികസനം
നിർവ്വഹണോദ്യോഗസ്ഥൻ – കൃഷി ഓഫീസർ

നെൽ കൃഷി നടത്തുന്നതിനോടൊപ്പം 100 ഹെക്ടർ പ്രദേശത്ത എള്ള്

മൂന്നാം കൃഷിയായി നടപ്പിലാക്കുന്നതിനുള്ള പ്രോജക്റ്റ് ഇൻവോയിസ് നം.Q-300/17-18,20/11/17 അടിസ്ഥാനത്തിൽ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോപ്പറേഷൻ ലിമിറ്റഡിൽ നിന്നും ഒരു കിലോയ്ക്ക് 260/-രൂപ നിരക്കിൽ, 432.693kg എള്ള് വാങ്ങിയതിന് 1,12,500/-രൂപ ചെലവായിട്ടുണ്ട്.( ബിൽ നം.10/17-18,23/11/17 )

എന്നാൽ എള്ള് വിതരണ രജിസ്റ്ററിൽ, ഗുണഭോക്താക്കൾക്ക് നൽകിയ എള്ളിന്റെ അളവ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വിതരണം ചെയ്ത വിത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. വിതരണരജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.19/9/18) ഒരേക്കറിന് 2kg എള്ള് വിത്താണ് അനുവദിക്കുന്നത്. വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടുള്ളത് കൊണ്ട് സാവകാശം കിട്ടുമ്പോൾ ബാക്കി രേഖപ്പെടുത്തലുകൾ വരുത്തുന്നതാണ് എന്നുള്ള മറുപടിയാണ് തന്നത്. ഈ മറുപടി അംഗീകരിക്കുന്നില്ല. എള്ളിന്റെ വിലയായി നൽകിയ 1,12,500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 ജില്ലാ പഞ്ചായത്തിന് നൽകിയ വിഹിതം - ലഭ്യമാക്കിയിട്ടില്ല - 30,000/-രൂപ തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകിയതിൽ താഴെ രേഖപ്പെടത്തിയിട്ടുള്ള പ്രോജക്ടുളിൻ മേൽ പഞ്ചായത്തുകൾ നല്കിയ തുകകളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

| പ്രോജക്റ്റ് നം. | പേര് | നല്കിയ തുക |
|---|---|---|
| 81/18 | പള്ളിക്കലാറിന്റെ സംരക്ഷണം | 10,000/- |
| 97/18 | ജീവനം – സൗജന്യ മരുന്ന് വിതരണം | 10,000/- |
| 287/18 | പൊലിയോ പൊലി | 10,000/- |
| | ആകെ | 30,000/- |

വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലാത്തതിനാൽ 30,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം -30,000/-രൂപ

## 3-16 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 4,78,329 രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ സംബന്ധിച്ച വിനിയോഗ രേഖകൾ ലഭ്യമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് പ്രോജ നം | നിർവഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണ ഏജൻസി | നൽകിയ തുക /ഫണ്ടിനം (രൂപ) | ബിൽ നം / തീയതി |
|---|---|---|---|---|
| ജീവനം - സൗജന്യ ഡയാലിസിസ് സെന്ററിന് ജില്ലാ പഞ്ചായത്തിനു തുക നൽകൽ (പ്രോ നം 151/18) | സെക്രട്ടറി | ജില്ലാ പഞ്ചായത്ത് , കൊല്ലം | 1,00,000 വികസനഫണ്ട് | 43/17 – 18/13.03.18 |

| | | | | |
|---|---|---|---|---|
| ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | സെക്രട്ടറി | കെ എസ് ഇ ബി , മണപ്പള്ളി<br>കെ എസ് ഇ ബി കരുനാഗപ്പള്ളി | 66,304 | 31/17 – 18/ 17-2-18<br>18/17-18 തീ. 13-10-17 |
| | | | 76,171 | 31/17 – 18/ 17-2-18<br>18/17-18 തീ. 13-10-17 |
| | | | 3,114 | 41,42/ 17-18 dt 28-2-18 |
| | | | 15,689 | 41,42/ 17-18 dt 28-2-18 |
| | | | 10,867 | വൗച്ചർ നം 21700672 തീ12-1-2018 |
| | | | 11,183 | വൗച്ചർ നം 21700783 തീയതി 3-3-18 |
| പാറയിൽ ജം. ഊട്ടുപറമ്പിൽ ഏരിയ പൈപ്പ് ലൈൻ നീട്ടൽ<br>(പ്രോ നം 169/18) | സെക്രട്ടറി | വാട്ടർ അതോറിറ്റി | 1,95,000 | 35/17 – 18/ 28-2-18 |
| | | ആകെ | 4,78,329 | |

വിനിയോഗരേഖകൾ ഹാജരാക്കാത്തതിനാൽ ₹4,78,329/-രൂപ - തടസ്സപ്പെടുത്തുന്നു. വിശദമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാം എന്ന മറുപടിയാണ് ലഭിച്ചത്.

ഓഡിറ്റ് എൻക്വയറി നം. - 08/19.09.18

തടസ്സപ്പെടുത്തിയ തുക – 4,78,329/-രൂപ

## 3-17 ചെലവു തുകയേക്കാൾ കൂടുതൽ സബ്സിഡി നൽകി- 1,204/- രൂപ നിരാകരിക്കുന്നു.

2017-18 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ ചെലവഴിച്ച തുകയേക്കാൾ അധികമായി സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് | ഗുണഭോക്താവിന്റെ പേരു വിവരം | ചെലവഴിച്ച തുക | നൽകിയ തുക | അധികമായി നൽകിയ തുക | ബിൽ നം/തീയതി |
|---|---|---|---|---|---|---|
| 1 | ഗാർഹിക കുടിവെള്ള കണക്ഷൻ (10/18) എസ്.സി | സാവിത്രി, കുന്നത്ത് വീട്, കടത്തൂർ ,വാർഡ്XVIII | 6500 | 7500 | 1000 | 27/2.03.18 |
| 2 | 2,15 വാർഡുകളിലെ പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ (158/18) സ്പിൽ ഓവർ | സാവിത്രി, തട്ടാശ്ശേരി കിഴക്കതിൽ, മണപ്പള്ളി | 5898 | 6000 | 102 | 8/1702.18 |
| 3 | ; | പുരുഷൻ, ഉത്രാടം, മണപ്പള്ളി | 5898 | 6000 | 102 | 17/16.03.18 |
| | | | ആകെ | | 1,204/-രൂപ | |

ചവറ പി.എച്ച് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ

സാക്ഷ്യപത്രത്തിൽ ഗുണഭോക്താക്കൾക്ക് ചെലവായ തുക വ്യക്തമാക്കുന്നുണ്ട്. ചെലവു തുകയേക്കാൾ അധികമായി നൽകിയ 1,204/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.അധികം നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക – 1,204/-രൂപ

## 3-18 വിവാഹധനസഹായം കൈപ്പറ്റിയവർ രേഖകൾ ഹാജരാക്കിയില്ല, 3,00,000 /- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട്-പട്ടിക ജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം

പ്രോജക്ട് നം-09/18

അടങ്കൽ

വികസനഫണ്ട്(എസ്.സി.പി)-11,25,000/-രൂപ

ആകെ-11,25,000/-രൂപ

ചെലവ്-11,25,000/-രൂപ

ബിൽ നം/ തീയതി-4/17-18;13.10.17

നിർവഹണം-അസിസ്റ്റന്റ് സെക്രട്ടറി

വിവാഹ ധനസഹായമിനത്തിൽ 75,000/- വീതം ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ഓച്ചിറ ബ്ളോക്ക്പഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല.

1) ചിത്രലേഖ,രാഹുൽ ഭവനം,കടത്തൂർ

2)ഗീത,ളുവശ്ശേരിൽ പടീറ്റതിൽ,എസ്.ആർ.പി.എം,തഴവ

3)രമാദേവി,തോട്ടുകര,കടത്തൂർ

4)ശോഭ.ടി,തോട്ടാശ്ശേരിൽ,പാവുമ്പ

ഈ സാഹചര്യത്തിൽ മേൽ ഗുണഭോക്താക്കൾക്കായി വിതരണം ചെയ്ത 3,00,000 /-രൂപ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം14/24.09.2018) മറുപടി ഹാജരാക്കിയില്ല. രേഖകൾ

ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം – 3,00,000 /-രൂപ

**3-19** രേഖകൾ ഇല്ല.പത്താംതരം, പന്ത്രണ്ടാം തരം തുല്യതാ പരീക്ഷയുടെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം-26/2018

നിർവഹണം-ഹെഡ്മിസ്ട്രസ്സ് ,എ.വി.ജി.എൽ.പി.എസ്, തഴവ

അടങ്കൽ-

വികസന ഫണ്ട്(പൊതുവിഭാഗം)-50,000/-രൂപ

ആകെ-50,000/-രൂപ

ചെലവ്-47,750/-രൂപ .

ബിൽ നം-3/2017-18/23.03.2018

കൊല്ലം ജില്ലാ സാക്ഷരതാ മിഷൻ കോർഡിനേറ്ററുടെ 08.09.2017ലെ DLM/KLM/A2/15-16 നം കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 10 പേരുടെ 10- ാം തരം തുല്യതാ കോഴ്സിനുള്ള ഫീസായ 18,500 രൂപയും 15പേരുടെ 11 ാം തരം തുല്യതാ കോഴ്സിനുള്ള ഫീസായ 29,250/- രൂപയും ഉൾപ്പെടെ 47,750/-രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ പ്രവേശനത്തിനുള്ള അപേക്ഷാഫോം മാത്രമാണ് പരിശോധനയ്ക്കു ലഭ്യമാക്കിയത്. അപേക്ഷകരിൽ പട്ടിക ജാതിക്കാർ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

പഠിതാക്കളുടെ രജിസ്ട്രേഷൻ നടപടികളുടെ വിശദാംശങ്ങൾ, പരിശീലന ക്ളാസ്സുകളുടെ വിവരങ്ങൾ , പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് 12.09.2018 ൽ നൽകിയ 1-ാം നം എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ സാക്ഷരതാ മിഷനിൽ നിന്നും രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുമെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

രേഖകളുടെ അഭാവത്തിൽ സാക്ഷരതാ മിഷനു കൈമാറിയ

47,750/-രൂപ തടസ്സപ്പെടുത്തുന്നു.വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.- 1/12.9.2018

തടസ്സത്തുക -47,750/-രൂപ

## 3-20 വിശദമായ വിനിയോഗ രേഖകളില്ല,ചെലവ് തുക-8,00,000/- തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് :എസ്.എസ്.എ പഞ്ചായത്ത് വിഹിതം നൽകൽ

പ്രോജക്ട് നമ്പർ -22/2018

അടങ്കൽ-

വികസന ഫണ്ട്(പൊതുവിഭാഗം)-8,00,000/-രൂപ

ചെലവ്-8,00,000/-രൂപ

ബിൽനം-01/17-18;24.07.18

നിർവ്വഹണം:ഹെഡ് മിസ്ട്രസ്,എ.വി.ജി.എൽ.പി.എസ്,തഴവ

ആറ് വയസ്സ് മുതൽ പതിനാല് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓഡിറ്റ് വർഷം 8,00,000/- പിൻവലിച്ച് എസ്.എസ്.എയിൽ അടവാക്കിയിട്ടുണ്ട്. 8,00,000/- രൂപയുടെ കൈപ്പറ്റ് രസീതും 17,55,075/-രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രവും ജില്ലാ പ്രോജക്ട് ഓഫീസറുടെ പക്കൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)18/08/2012ലെ (എം.എസ്.)225/12/ത.സ്വ.ഭ.വ, 16.11.2013ലെ(എം.എസ്)362/2013/ത.സ്വ.ഭ.വ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം [പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖകൾ] തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക

എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി വകയിരുത്തണം. അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാവണം. ഇത്തരത്തിൽ തയ്യാറാക്കുന്ന പദ്ധതി ഭരണസമിതി അംഗീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. എന്നാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ അഭിപ്രായങ്ങളോ, ശുപാർശകളോ വിലയിരുത്തിയിട്ടല്ല എസ്.എസ്.എ. പദ്ധതികൾക്കായി തുക അനുവദിച്ചത്.

2)എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അടങ്ങുന്ന ബഡ്ജറ്റ് വിവരങ്ങൾ തയ്യാറാക്കിയത്, പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് വർഷങ്ങളിൽ എസ്.എസ്.എ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട്, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

വിശദാംശങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി എട്ടു ലക്ഷം രൂപ ചെലവഴിച്ചതിന്റെ സാക്ഷ്യപത്രമാണ് ഹാജരാക്കിയത്.തുക പൂർണ്ണമായും പഞ്ചായത്തിലെ സ്കൂളുകളിൽ ചെലവഴിച്ചതിന്റെ രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 8,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം.- 01/17-18;12.09.18

തടസ്സം -8,00,000/-രൂപ

## 3-21 ക്വട്ടേഷൻ ക്ഷണിക്കാതെ തുക ചെലവഴിക്കുന്നു

2017-18 സമഗ്ര സാംക്രമിക രോഗ നിയന്ത്രണപദ്ധതിയുടെ (പ്രോജക്ട് നം.81/17-18)ഭാഗമായി വീണ ഓഫ്സെറ്റ് ,തഴവ എന്ന സ്ഥാപനത്തിന് നോട്ടീസ് അച്ചടിച്ചതിന് താഴെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ഇനം | ബിൽ നം. | തുക (രൂപ) |
|---|---|---|
| സമഗ്ര സാംക്രമിക രോഗ നിയന്ത്രണ പദ്ധതി -ഫോൾഡിംഗ് നോട്ടീസ്, 600 കോപ്പി | 447, 11/9/17 | 17,160/- |
| എം.ആർ.വാക്സിനേഷൻ കാമ്പയിൻ നോട്ടീസ്, 12500 കോപ്പി | 448,2/10/17 | 10,625/- |
| ആരോഗ്യ ജാഗ്രതാ നോട്ടീസ്, 13200 കോപ്പി | 293,20/1/18 | 21,670/- |

എന്നാൽ ടി സ്ഥാപനവുമായി കരാറിലേർപ്പെട്ടതോ , ക്വട്ടേഷൻ സംബന്ധിച്ച വിവരങ്ങളോ ലഭ്യമല്ല.ആയത് സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോർ പർച്ചേസ് മാനവൽ പ്രകാരമുള്ള നടപടികൾ പാലിക്കാതെ നോട്ടീസ് അച്ചടിച്ച ഇനത്തിൽ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.- 5,18/9/18

## 3-22 മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

വിവിധ പദ്ധതികൾ പ്രകാരം മരുന്ന് വിതരണത്തിനായി കെ.എം.എസ്.സി.എൽ ,ഔഷധി എന്നീ സ്ഥാപനങ്ങളിൽ മുൻകൂറായി തുകകൾ ഒടുക്ക് വരുത്തിയെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിവരം | ബിൽ നം, തീയതി | തുക | ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|
| 1 | പ്രോജക്ട് നം.78/17-18,സാന്ത്വന പരിചരണം | ബിൽ നം.8/17-18 , 28/3/18 | 3,24,999/-രൂപ | 2,74,099/-രൂപ |

| | | | | |
|---|---|---|---|---|
| 2 | പ്രോജക്ട് നം.163/17-18,സാന്ത്വന പരിചരണം,ജീവിത ശൈലി രോഗനിർണ്ണയ ക്ളിനിക്കുകളും പ്രതിരോധ പ്രവർത്തനങ്ങളും | ചെക്ക് നം.4295702,31/3/18 | 15,000/രൂപ | 1,15,000/- രൂപ |
| | | ബിൽ നം.7/17-18,28/3/18 | 1,00,000/-രൂപ | |
| 3 | ആയുർവേദ ആശുപത്രിക്ക്മരുന്ന വാങ്ങൽ | 1/18,28/9/17 | 8,00,000/- രൂപ | 38,769/- രൂപ |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറികൾക്ക് ക്രമ നം.1, 2 എന്നിവ പ്രകാരമുള്ള മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാം എന്നും, ക്രമ നം.3 പ്രകാരമുള്ളവ സെപ്റ്റംബർ മാസത്തിനുള്ളിൽ മുഴുവൻ മരുന്നുകളും എത്തിയ്ക്കാമെന്ന് ഔഷധിയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കി. മരുന്നുകൾ ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

എൻക്വയറി നം.4,18/9/18 , നം.5,18/9/18

## 3-23 അംഗണവാടികൾക്ക് അതിർത്തി നിശ്ചയിച്ചിട്ടില്ല

പ്രോജക്ട്-50/18

'ടി.എസ്-29766/16-17 ,2-12-16

എഗ്രിമെൻറ്-56/ae/lsgd,/16-17,25-1-17

പ്രോജക്ട്നമ്പർ-115/17 അംഗനവാടി നമ്പർ 94-ൻറെ മെയിന്റനൻസിനായി തയ്യാറാക്കി ടെൺടർ ചെയ്ത എസ്റ്റിമേററിൽ ഫണ്ട് യാർഡ് ട്റസ് വർക്ക് ചെയ്യുന്നതിനും ഹാൾ, അടുക്കള എന്നിവ സിറാമിക് ടൈൽ ഇടുനനതിനും 35 മീറ്റർ നീളത്തിൽ അങ്കണവാടിക്കു ചുറ്റും മതിൽ കെട്ടി ഗേറ്റ് നിർമ്മിക്കുന്നതിനുമായി 2,90,000/-രൂപ ഉൾപ്പെടുത്തിയിരുന്നു.

എന്നാൽ 19-5-17 -ലെ2(2) കമ്മറ്റി തീരുമാന പ്രകാരം അതിർത്തി നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ ചുറ്റുമതിൽ നിർമ്മാണം നടത്താനായില്ലെന്നും അടങ്കലിൽ മാറ്റം വരുത്താതെ പകരമായി

വെള്ളക്കെട്ടുള്ള ഭാഗത്ത് ഇൻറർ ലോക്കിംഗ് സംവിധാനം ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി കാണുന്നു. ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുകയായ 238943.658/ക്വാട്ട് ചെയ്ത ശ്രീ.കെ.എസ് നസീർ എന്ന കരാറുകാരന് വർക്ക്അനുവദിച്ചു നല്കി. എം-ബുക്ക് നമ്പർ. 34/16-17 -ലെ രേഖപ്പെടുത്തൽ പ്രകാരം ട്റസ് & ഷീറ്റ് , ടൈലിടീൽ, ഇൻറർ ലോക്കിംഗ് എന്നിവ പൂർത്തീകരിച്ച് ഒന്നാം പാർട്ട്ബിൽ നൽകി. എന്നാൽ നാളിതുവരെ ചുറ്റുമതിൽ നിർമ്മിച്ച് ഗേറ്റ് സ്ഥാപിച്ച് സുരക്ഷിതമാക്കുന്നതിനുള്ള നടപടി ഉണ്ടായിട്ടില്ല. ഒന്നാം പാർട്ട്ബിൽ പ്രകാരം 1,58,185/-വർക്ക് മൂല്യത്തിന് റിട്ടൻഷൻ ഉൾപ്പെടെ കിഴിവുകൾ കഴിഞ്ഞ് 1,44,723/-കരാറുകാരന് നല്കി. (ബിൽ നം-33/17-18, 16-3-18). നാളിതുവരെ വർക്ക്പൂർത്തീകരിച്ച്ഫൈനൽ ബിൽ നൽകിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ 148/17 -ൽ അംഗണവാടി നമ്പർ 106-ന്റെ മെയിന്റനൻസിനായി 4,30,281/-രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ നടത്തി. നമ്പർ56/ae/lsgd/tgp/17എഗ്രിമെൻറ് പ്രകാരം വർക്ക് ആരംഭിച്ചെങ്കിലും അതിർത്തി തർക്കം കാരണം ചുറ്റുമതിൽ നിർമ്മാണം നിർത്തി വെച്ചു. റിവൈസ്ഡ് എസ്റ്റിമേറ്റ് (420499) പ്രകാരം കെട്ടിടത്തിന് മുകളിൽ ട്റസ് വർക്ക് ചെയ്ത് എം ബുക്ക് നമ്പർ 72/17, 73/17 പ്രകാരം 4,12,042/രൂപ കൈപ്പറ്റി.

അംഗണവാടികളുടെ സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിശ്ചയിച്ച് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-24 <u>റോഡ് പുനരുദ്ധാരണം-റീസ്റ്ററേഷൻ ചാർജ് ഈടാക്കാതെ ചെലവ് നടത്തി.</u>

പ്രോജക്റ്റ് നമ്പർ -3/17-

സാങ്കേതികാനുമതി നം-26984/16-17 , തീയതി 30-11-16

എം-ബുക്ക് നം-228/17-18

ചിറ്റുമൂല -മൂലേത്ത് മുക്ക് റോഡ് റീടാറിംഗ് എന്ന പ്രവർത്തിയിൽ 750 മീറ്റർ നീളത്തിൽ റീ ടാറിംഗ് നടത്തുന്നതിനായിടെണ്ടർ നടത്തി ശ്രീ.

ഷാജഹാൻ എന്ന കരാറുകാരന് 580859.5/- രൂപയ്ക്ക് വർക്ക് അനുവദിച്ചു നൽകി . ഐറ്റം റേറ്റ് ടിയാൻ നം-30/എ.ഇ./എൽ.എസ്.ജി.ഡി/റ്റി.ജി.പി /2016-17, 8-2-17 പ്രകാരം കരാർ വച്ചിട്ടുണ്ട്. എന്നാൽ ടിയാൻ പണി ആരംഭിച്ചതായ വിവരങ്ങൾ ഫയലിൽ ഉൾപ്പെട്ടിട്ടില്ല. 15-6-17 ലെ കമ്മറ്റിയിൽ, 1-നമ്പർ പ്രകാരം" പദ്ധതിരൂപീകരണത്തിന് ശേഷം വാട്ടർ അതോറിറ്റി, ബി.എസ്.എൻഎൽ എന്നീ വകുപ്പുകൾ പ്രവർത്തികൾ നടത്തിയതിനാൽ എസ്റ്റിമേറ്റ് പ്രകാരം വർക്ക് ചെയ്യാൻ സാധിക്കില്ലെന്നും തുകയിൽ മാറ്റംവരാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് എ.ഇ.യെ ചുമതലപ്പെടുത്തി തീരുമാനിച്ചു."ഇപ്രകാരം തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിൽ റീടാറിംഗ് ഇനങ്ങളുടെ അളവുകൾ കുറക്കുകയും എക്സ്ട്രാ ഇനമായി മെറ്റലിംഗ് ഉൾപ്പെടുത്തി (wet mix -mccdm-90.45$m^3$ @3225/$m^3$) 1146$m^3$ ചിപ്പിംഗ് കാർപ്പെറ്റ്, സീൽകോട്ട് എന്നിവ ചെയ്തു. ബി.എസ്.എൻ.എൽ വളരെ കുറഞ്ഞ അളവിൽ മാത്രമാണ് പണി നടത്തിയതെന്ന് എക്സിറ്റ് മീറ്റിംഗിൽ ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. വാട്ടർഅതോറിറ്റിയിൽ നിന്നും റസ്റ്ററേഷൻ ചാർജ് ഈടാക്കാത്തതിനാൽ മെറ്റലിംഗിനായി ചെലവഴിച്ച 2,91,701/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. സെക്രട്ടറി റസ്റ്ററേഷൻ ചാർജ് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാൽ ടി തുക ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.

8-2-17-ൽ എഗ്രിമെൻറ് വെച്ചെങ്കിലും കരാറുകാരൻ വർക്ക് ആരംഭിച്ചിട്ടില്ലാത്തതും, സൈറ്റ് കണ്ടീഷൻ സംബന്ധിച്ച വിവരങ്ങൾ അധികൃതരെ ബോധ്യപ്പെടുത്തിയതായുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതുമാണ് . എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതു വരെയുള്ള കാലയളവിൽ ഫൈൻ ഈടാക്കിയിട്ടില്ല.

നിരാകരിച്ച തുക- 2,91,701/-രൂപ

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക ലഭിച്ച | ലഭിച്ച | പ്രോജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | തീയതി | തുക | പേര് | | |
|---|---|---|---|---|---|
| ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | 6.03.2018 | 4,00,000/ | അനുപൂരക പോഷകാഹാരം | 4,00,000/ | 0 |
| ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | 12/03/2018 | 6,80,000/ | സമഗ്ര നെൽകൃഷി വികസനം | 6,80,000/ | 0 |
| ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | 12/03/2018 | 2,00,000/ | മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000/ | 0 |
| ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | 12/03/2018 | 7,00,000 | പാലിന് സബ്സിഡി | 7,00,000/ | 0 |
| ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | 26/03/2018 | 1,00,000 | സാന്ത്വന പരിചരണം | 68,350/ | 31650 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 12/03/2017 | 4,00,000/ | അനുപൂരക പോഷകാഹാരം | 3,95,000/þ | 4490 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 12/03/2018 | 1,50,000/ | മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,50,000/ | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 12/03/2018 | 6,80,000/ | സമഗ്ര നെൽകൃഷി വികസനം | 6,80,000/ | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 26/03/2018 | 7,00,000/ | പാലിന് സബ്സിഡി | 7,00,000/ | 0 |
| | | | | | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, മണപ്പള്ളി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രോജക്റ്റ് നമ്പർ 90/18) | 21700958 | 76,171 | 0 | 1,83,329 |
| | | 217011053 | 66,305 | | |
| | | 21701078 | 15,689 | | |
| | | 21701079 | 3,114 | | |
| | | 21700672 | 10,867 | | |
| | | 21700783 | 11,183 | | |
| കേരള വാട്ടർ അതോറിറ്റി , കൊല്ലം | പാറയിൽ ജംഗഷൻ -ഊട്ടുപറമ്പിൽ ഏരിയാ പൈപ്പ് ലൈൻ നീട്ടൽ 169/18 | 21701074 | 1,95,000 | 0 | 1,95,000 |
| ജില്ലാ പഞ്ചായത്ത് കൊല്ലം | ജീവനം സൗജന്യ ഡയാലിസിസ് | 21701093 | 1,00,000 | 0 | 1,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10,510/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-1 | 900/- | സെക്രട്ടറി ,<br>മണപ്പള്ളി സൗത്ത്,<br>കെ.യു.സി.എഫ് ലിമിറ്റഡ് | 117020100691,<br>8/6/17 |
| 2015-16 | 2-1 | 960/- | മാനേജർ,പ്രകൃതി ഹോസ്പിറ്റൽ, | 117020100693,<br>8/6/17 |
| 2015-16 | 2-1 | 150/- | മാനേജർ,<br>കാനറ ബാങ്ക് | 117020100702,<br>8/6/17 |
| 2015-16 | 2-1 | 600/- | പ്രോപ്പറൈറ്റർ,<br>സിംങ്കുലർ ടെലികോം | 117020100729,<br>12/6/17 |
| 2015-16 | 2-1 | 300/- | മാനേജർ,<br>എം.ജി.ചിട്ട്സ് | 117020100764,<br>14/6/17 |
| 2015-16 | 2-1 | 2500/- | സെൻറ്<br>ഗ്രിഗോറിയോസ് സ്കൂൾ | 117020100765,<br>14/6/17 |
| 2015-16 | 2-1 | 450/- | മെഡിക്കൽ ഓഫീസർ,<br>മൃതസഞ്ജീവനി ഹോസ്പ്പിറ്റൽ | 117020100773,<br>15/6/17 |
| 2015-16 | 2-1 | 1800/- | സെക്രട്ടറി ,<br>മിൽക്ക് സൊസൈറ്റി, | 117020100895,<br>29/6/17 |
| 2015-16 | 2-6 | 2850/- | സെക്രട്ടറി ,മിൽമ,<br>പാവുമ്പ | 117020101477,<br>8/8/17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2.1 | 2016-17 | 2.1 | തൊഴിൽ നികുതി | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കി വരുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,97,81,422 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,52,34,495 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2,922/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3,04,623/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5735743/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-2 | 2,522/- | | ഷാനവാസ് എ.,സെക്രട്ടറി |
| 2-3 | 400/- | | ഷാനവാസ് എ.,സെക്രട്ടറി |
| 3-12 | | 11,718/- | റോസാലിൻഡ്,കൃഷി ഓഫീസർ |
| 3-17 | | 1204/- | ജോൺ ഗോട്ടിക് ഗ്രീക്ക്, അസി.സെക്രട്ടറി |
| 3-24 | | 2,91,701/- | ഷാനവാസ് എ.,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 10,000/- | ഷാനവാസ് എ.,സെക്രട്ടറി |
| 3-4 | 15,40,000/- | ശുഭ ,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-6 | 12,50,000/- | ഡോ.മോഹനൻ,വെറ്റിനറി സർജൻ |
| 3-7 | 18,450/- | ജോൺ ഗോട്ടിക് ഗ്രീക്ക്,അസി.സെക്രട്ടറി |
| 3-8 | 6,45,000/- | രഞ്ജിത്കൃഷ്ണൻ,അസി.എൻജിനീയർ |
| 3-9 | 4,50,000/- | ജോൺ ഗോട്ടിക് ഗ്രീക്ക്,അസി.സെക്രട്ടറി |
| 3-10 | 53,714/- | ജോൺ ഗോട്ടിക് ഗ്രീക്ക്,അസി.സെക്രട്ടറി |
| 3-14 | 1,12,500/- | റോസാലിൻറ്, കൃഷിഓഫീസർ |
| 3-15 | 30,000/- | ഷാനവാസ് എ., സെക്രട്ടറി |
| 3-16 | 4,78,329/- | ഷാനവാസ് എ.,സെക്രട്ടറി |
| 3-18 | 3,00,000/- | രേഖ, അസി.സെക്രട്ടറി |
| 3-19 | 47,750/- | വി.വി.ശോഭന കുമാരി, എച്ച്.എം. |
| 3-20 | 8,00,000/- | വി.വി.ശോഭന കുമാരി, എച്ച്.എം. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷാനവാസ് എ.,സെക്രട്ടറി | സെക്രട്ടറി, തഴവ ഗ്രാമ പഞ്ചായത്ത് | പൈവേലിൽ , ഇടക്കുളങ്ങര(പി.ഒ) കരുനാഗപ്പള്ളി |
| ജോൺ ഡ്രോടിക് ഗ്രീക്ക്, അസി.സെക്രട്ടറി | അസി.സെക്രട്ടറി, തഴവ ഗ്രാമ പഞ്ചായത്ത് | കൊട്ടാർ ഭവനം, എസ്സ്.വി. മാർക്കറ്റ് പി.ഒ., തഴവ |
| രേഖ,അസി.സെക്രട്ടറി | സെക്രട്ടറി, കപ്പൂർ ഗ്രാമപഞ്ചായത്ത് പാലക്കാട് | ഭാവരമ, തൊടിയൂർ.പി.ഒ,. കരുനാഗപ്പള്ളി |
| വി.വി.ശോഭന കുമാരി, ഹെഡ്മിസ്ട്രസ്സ് | സർവ്വീസിൽ നിന്നും പിരിഞ്ഞു | കിടങ്ങിൽ, എസ്സ്. ഡബ്ള്യ. തഴവ, തഴവ പി.ഒ., കരുനാഗപ്പള്ളി |
| ശുഭ , ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, ഓച്ചിറ ബ്ളോക്ക് പഞ്ചായത്ത് | ശശി കോട്ടേജ്, മണപ്പള്ളി നോർത്ത് പി.ഒ., കൊല്ലം പിൻ -690574 |
| ഡോ.മോഹനൻ, വെറ്റിനറി സർജൻ | സീനിയർ വെറ്റിനറി സർജൻ, ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്ത് | കാർത്തിക , ശശി നഗർ, റ്റി.കെ.എം.കോളേജ് ജംഗ്ഷൻ, കരിക്കോട് പി.ഒ. |
| റോസാലിൻഡ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, തഴവ ഗ്രാമ പഞ്ചായത്ത് | ജെ.ആർ ഭവനം , കോലഞ്ചേരിൽ , കല്ലയം(പി.ഒ), തിരുവനന്തപുരം |
| രഞ്ജിത്കൃഷ്ണൻ, അസി.എൻജിനീയർ | അസി.എൻജിനീയർ, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് ചങ്ങനാശ്ശേരി, കോട്ടയം | ഉഷസ്സ്, വീട്ടു നം.കെ.സി-44/2314 കന്റോൺമെന്റ് |

| | | |
|---|---|---|
| | | നോർത്ത് കൊല്ലം – 691001 |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.,കെ.എൽ.എം.പി 8/379(2) /2018,21/4/18 | 2 |
| 2002-2003 | കെ.എസ്.എ.,കെ.എൽ.എം.പി 8/379(6) /2018,21/4/18 | 2 |
| 2003-04 | കെ.എസ്.എ.,കെ.എൽ.എം.പി 8/379(7) /2018,21/4/18 | 11 |
| 2004-2005 | കെ.എസ്.എ.,കെ.എൽ.എം.പി 8/379(8) /2018,21/4/18 | 3 |
| 2005-2006 | കെ.എസ്.എ.,കെ.എൽ.എം.പി 8/379(9) /2018,21/4/18 | 7 |
| 2006-2007 | എൽ.എഫ്.ക്യൂ.പി.2/1235(12)/14തീ.16-6-14 | 9 |
| 2007-2008 | എൽ.എഫ്.ക്യൂ.പി.2/1235/14 തീ.16-6-14 | 10 |
| 2008-2009 | എൽ.എഫ്.ക്യൂ.പി.2/1871/14 തീ.14-8-14 | 6 |
| 2009-2010 | എൽ.എഫ്.ക്യൂ.പി.2/1402/14 തീ.10-10-14 | 11 |
| 2010-2011& 2011-2012 | എൽ.എഫ്.ക്യൂ.പി.2/2856/14 തീ.16-1-15 | 6 |
| 2012-13 & | കെ.എസ്.എ.കെ.എൽ.എം.പി2-276/16 | 6 |

| | | |
|---|---|---|
| 2013-2014 | തീ.31-3-16 | |
| 2014-2015 | കെ.എസ്.എ.കെ.എൽ.എം.പി2-1010/16<br>തീ.2-7-16 | 19 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി2-53/17<br>തീ.3-2-17 | 9 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി8/1806/17 തീ 21-10-17 | 15 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം 2017-18**

കെ.എസ്.എ. കെ.എൽ.എം -പി.8–1709/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –19/01/2019

ഓഡിറ്റ് ക്ഷ്യപത്രം 2017-18

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തഴവ ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം